പി.എ സൈനുദ്ദീൻ

# കോലം മാറിയ കാലം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، قَالَ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم ـ سَيَأْتِي عَلَى النَّاسِ سَنَوَاتٌ خَدَّاعَاتٌ يُصَدَّقُ فِيهَا الْكَاذِبُ وَيُكَذَّبُ فِيهَا الصَّادِقُ وَيُؤْتَمَنُ فِيهَا الْخَائِنُ وَيُخَوَّنُ فِيهَا الأَمِينُ وَيَنْطِقُ فِيهَا الرُّوَيْبِضَةُ قِيلَ وَمَا الرُّوَيْبِضَةُ قَالَ الرَّجُلُ التَّافِهُ فِي أَمْرِ الْعَامَّةِ

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: "വഞ്ചനാപൂർണമായ വർഷങ്ങൾ ജനങ്ങൾക്ക് വരാനിരിക്കുന്നു. അക്കാലത്ത് കള്ളം പറയുന്നവൻ സത്യവാനായും സത്യവാൻ കള്ളം പറയുന്നവനായും വഞ്ചകൻ വിശ്വസ്തനായും വിശ്വസ്തൻ വഞ്ചകനായും മുദ്ര കുത്തപ്പെടും. അക്കാലത്ത് 'റുവൈബിദ' ആയിരിക്കും സംസാരിക്കുക. റുവൈബിദ എന്താണെന്ന് ചോദിച്ചപ്പോൾ പ്രവാചകൻ പറഞ്ഞു: വിവരം കെട്ടവൻ പൊതുജന കാര്യങ്ങളിൽ അഭിപ്രായം പറയൽ" (അൽ ഹാകിം).**

സമൂഹത്തിൽ ആഴത്തിൽ വേരു പിടിക്കുന്ന മൂല്യച്യുതിയെക്കുറിച്ചാണ് നബി(സ) ഇവിടെ മുന്നറിയിപ്പ് നൽകുന്നത്. സത്യാസത്യങ്ങൾ ഗോത്രരീതികൾക്കനുസരിച്ചോ അധികാരകേന്ദ്രങ്ങളുടെ തിട്ടൂരമനുസരിച്ചോ അടിച്ചേൽപിക്കപ്പെടുന്ന പ്രാചീന രീതികൾ, പോസ്റ്റ് മോഡേൺ കാലത്ത് തിരിച്ചുവരുന്നത് നമ്മുടെ അനുഭവമാണല്ലോ. പൊതുജനം ഒറ്റയായും തെറ്റയായും സത്യത്തെ കുഴിച്ചുമൂടി, പെരുകുന്ന തിന്മകളെ സ്വന്തം ജീവിതത്തിലേക്ക് ആനയിക്കുന്നു. കാലമോ ദേശമോ അല്ല ജനങ്ങളെ വഞ്ചിക്കുന്നത്; ദൈവത്തിനു നിരക്കാത്ത കാര്യങ്ങൾ സമൂഹത്തിൽ വ്യാപകമാകുമ്പോൾ കാലം മോശമായി വിലയിരുത്തപ്പെടുകയാണ് ചെയ്യുക. ലോകാന്ത്യം വരെയുള്ള സമുദായം അകപ്പെട്ടുപോകാൻ സാധ്യതയുള്ള ചതിക്കുഴികളെക്കുറിച്ച് പ്രവചിക്കുകയും അതിൽനിന്ന് രക്ഷതേടാൻ മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന നിരവധി നബിവചനങ്ങളുണ്ട്. അന്ത്യനാളിന്റെ അടയാളങ്ങളിൽ ചിലതാണ് ഈ നബിവചനത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നതുകൊണ്ട് വിഷയത്തിന്റെ ഗൗരവം വർധിക്കുന്നു. 'നൂറ്റാണ്ടുകളിൽ ഉത്തമമായത് ഞാൻ ജീവിക്കുന്ന നൂറ്റാണ്ട്. പിന്നീട് അതിനു ശേഷം ജീവിക്കുന്നവർ, പിന്നെ അത് കഴിഞ്ഞ് അടുത്ത തലമുറ' എന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. ചരിത്രം വിശകലനം ചെയ്താൽ, മുൻകാലങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിന്റെ തനത് സ്വഭാവവും രീതികളും അൽപ്പാൽപ്പമായി പിൻവാങ്ങുന്നതായും വിശ്വാസികളിലൊരു വിഭാഗം ഉപ്പു വെച്ച കലം പോലെ ആയിത്തീരുന്നതുമാണ് കാണാൻ കഴിയുക. ദീനിന്റെ വക്താക്കളും പ്രയോക്താക്കളുമാവേണ്ടവർ ഇസ്‌ലാംവൈരികളുടെ ഇഷ്ടക്കാരാകാൻ മത്സരിച്ചുകൊണ്ടിരിക്കുന്നു. ഈ അവസ്ഥയിലും ഇസ്‌ലാമിന്റെ ഉദയകാലത്ത് അതിന്റെ വളർച്ചക്കും നിലനിൽപിനും വേണ്ടി ത്യാഗമനുഷ്ഠിച്ച മഹാന്മാരെ ഓർമിപ്പിക്കുംവിധം ഒരു വിഭാഗം ദീനീ സംസ്ഥാപനത്തിനു വേണ്ടി പെടാപ്പാട് പെടുമെന്ന പ്രതീക്ഷയും പ്രവാചകൻ നൽകിയിട്ടുമുണ്ട്.

സത്യസന്ധരും വിശ്വസ്തരുമായ സമുദായസ്നേഹികൾ അവഗണിക്കപ്പെടുകയും അവമതിക്കപ്പെടുകയും ചെയ്യുമ്പോൾ, നാമതിനെ നിസ്സംഗതയോടെ കാണുകയോ സ്വാർഥലാഭത്തിനു വേണ്ടി അത്തരക്കാരെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുമ്പോൾ അത്യന്തം അപകടകരമായ സ്ഥിതിവിശേഷമാണ് സൃഷ്ടിക്കപ്പെടുക എന്ന് മനസ്സിലാക്കണം. മോഷണക്കുറ്റവുമായി ബന്ധപ്പെട്ട ജൂതന്റെ കേസിൽ ഖുർആൻ മുന്നറിയിപ്പ് നൽകിയ ഒരു കാര്യമുണ്ട്: ''താങ്കൾ വഞ്ചകർക്ക് വേണ്ടി വാദിക്കുന്നവനാകരുത്'' (4:105). മോഷ്ടാവായ മഖ്സൂമിയ സ്ത്രീയെ ശിക്ഷയിൽനിന്ന് രക്ഷിക്കാൻ ശിപാർശ ചെയ്ത ഉസാമത്തുബ്നു സൈദി(റ)നെ നബി(സ) തുടർന്ന് താക്കീത് ചെയ്യുകയുണ്ടായി.

പൊതുകാര്യങ്ങളിൽ സത്യസന്ധരും വിശ്വസ്തരും പിന്നോട്ട് തള്ളിമാറ്റപ്പെടുമ്പോൾ വഞ്ചകരും വിശ്വസ്തതയില്ലാത്തവരുമാണ് അവിടെ വിരാജിക്കുക. നിസ്സാരൻ, അന്തസ്സാരശൂന്യൻ, വിവരദോഷി എന്നീ അർഥങ്ങളുള്ള വാക്കാണ് റുവൈബിദ. ദീനിനെക്കുറിച്ച് പരിജ്ഞാനമില്ലാത്ത സ്വാർഥംഭരികളായ ഭൗതികന്മാരെ കുറിക്കുന്ന വാക്ക്. ജ്ഞാനിയുടെ ഭാഷണചാതുരി സമൂഹത്തിന് അനുഗ്രഹവും ഭോഷന്റേത് ശാപവുമാണ്. സമൂഹത്തിന്റെ ഉത്തരവാദിത്തം ആരും ഏൽപിക്കാതെ തന്നെ അജ്ഞാനിയും വിവരദോഷിയും സ്വയം ഏറ്റെടുക്കുകയാണ്. ഒരു സമൂഹത്തിന് അവരർഹിക്കുന്ന നേതാക്കളെയാണ് ലഭിക്കുക. അയോഗ്യനായ വ്യക്തി പിൻവാതിലിലൂടെ പൊതുകാര്യത്തിലടപെടുകയും സമുദായത്തിന് നേതൃത്വം നൽകാൻ മുന്നിട്ടിറങ്ങുകയും ചെയ്യുമ്പോൾ പരമയോഗ്യൻ ആ രംഗത്തുനിന്ന് പിന്തള്ളപ്പെടുന്നു. അല്ലെങ്കിൽ പ്രശ്നങ്ങളൊഴിവാക്കാൻ കണ്ടറിഞ്ഞ് പിന്മാറുന്നു. ഇതൊന്നും അധികമാരെയും ഇക്കാലത്ത് അസ്വസ്ഥമാക്കാറില്ല. എല്ലാവരും ഒഴുക്കിനൊത്ത് നീന്തുന്നു; അതിന്റെ പര്യവസാനം വൻ ദുരന്തത്തിലേക്കാണെന്ന് അറിയാതെ. ഒഴുക്കിനെതിരെ നീന്താനുള്ള ആർജവമില്ലായ്മ അവനെ ഏറ്റവും ദുർബലനായ വിശ്വാസിയാക്കിത്തീർത്തിരിക്കുന്നു. ഇങ്ങനെയുള്ള ദുർബലന്മാരുടെ കൂട്ടമായി സമുദായം മാറുന്ന ഘട്ടത്തെയാണ് വഞ്ചന നിറഞ്ഞ കാലമായി പ്രവാചകൻ(സ) പരിചയപ്പെടുത്തിയിരിക്കുന്നത്. സത്യം, നീതി പോലുള്ള ഇസ്‌ലാമിന്റെ മൗലിക സ്വഭാവഗുണങ്ങൾ നിലനിർത്തുകയും അവക്കു വേണ്ടി നിലയുറപ്പിക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഈ 'സത്യാനന്തര' കാലഘട്ടത്തെ നേരിടാനുള്ള ഏക പോംവഴി. ●